പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 802 30-01-2019-ൽ മറുപടിക്ക്

**ഭരണഘടന സാക്ഷരത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജോയി | ശ്രീ. എ.കെ. ബാലൻ (ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| | സംസ്ഥാനത്ത് ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | കേരള സംസ്ഥാന നിയമ സേവന അതോറിറ്റി ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടനാ തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'നിയമ പാഠം' എന്ന പുസ്തകം കേരളത്തിലെ ഹൈസ്കൂൾ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി സൗജന്യമായി നൽകുകയും ഈ പുസ്തകത്തിനെ ആസ്പദമാക്കി ക്ലാസുകൾ എടുത്തുവരുകയും ചെയ്തു വരുന്നു. കൂടാതെ ഹയർസെക്കൻഡറി തലത്തിൽ ടി പുസ്തകത്തിനെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം സ്കൂൾ, താലൂക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ നടത്തി വരുകയും ചെയ്യുന്നു. ഭരണഘടന അനുശാസിക്കുന്ന പൗരധർമ്മങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലഘു ലേഖ നിയമ സേവന സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ